<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4427</u> <u>06-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ഭൂമിയുടെ കരം ഒടുക്കുന്നതിനായി നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിച്ചൽ പഞ്ചായത്തിലെ ഖാദി ബോർഡിന്റെ അധീനതയിലുള്ള റീസർവ്വെ നം. 151/2-ൽ പ്പെട്ട 17.20 ആർ സ്ഥലം ഉടമസ്ഥത സംബന്ധിച്ച് തർക്കമുള്ളതിനാൽ കരം ഒടുക്കുന്നത് സംബന്ധിച്ച് ബോർഡ് തഹസിൽദാർ മുഖേന കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | **പള്ളിച്ചൽ പഞ്ചായത്തിലെ റീസർവ്വേ നം.151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റിന്റെ ഉപദേശം തേടിയപ്പോൾ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയി ക്കുന്നതിന് വസ്തുവിന്റെ ആധാരവും കരം ഒടുക്കിയ രസീതിയും ആവശ്യ മാണെന്നറിയിച്ചതിനാൽ കരം ഒടുക്കുന്നതിന് പള്ളിച്ചൽ വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുള്ളതിനാൽ കരം അടക്കുന്ന വിഷയം തഹസിൽദാർ മുഖേന കലക്ടർ മുമ്പാകെ പരിഗണനയിൽ ആണ്.** |

സെക്ഷൻ ഓഫീസർ